**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1039** **25.01.2018-ൽ മറുപടിക്ക്**

**ആവാസ് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.മുരളീധരൻ<br>,, റോജി എം. ജോൺ<br>,, ഹൈബി ഈഡൻ<br>,, എൽദോസ് പി. കുന്നപ്പിള്ളിൽ : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) ഇതര സംസ്ഥാന തൊഴിലാളികൾക്ക് ആവാസ് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) ഉണ്ട്. സംസ്ഥാനത്ത് ജോലിയെടുക്കുന്ന ഇതരസംസ്ഥാന തൊഴിലാളികൾക്കായി ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി, "ആവാസ്" ആവിഷ്കരിച്ചിട്ടുണ്ട്. 15,000/- രൂപയുടെ ആരോഗ്യ ഇൻഷ്വറൻസും 2,00,000/- രൂപയുടെ അപകടമരണ ഇൻഷ്വറൻസുമാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ പദ്ധതിയുടെ ഭാഗമായി കേരളത്തിൽ ജോലി ചെയ്യുന്ന 83000 ഇതര സംസ്ഥാന തൊഴിലാളികൾക്ക് ഇതുവരെ രജിസ്ട്രേഷൻ കാർഡ് നൽകിയിട്ടുണ്ട്. |
| (ബി) ഈ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഇതര സംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷൻ പൂർത്തിയാക്കിയിട്ടുണ്ടോ; | (ബി) സംസ്ഥാനത്ത് വിവിധ ജില്ലകളിലായി എൻറോൾമെന്റ് നടപടികൾ പുരോഗമിച്ചു വരുന്നു. |
| (സി) സർക്കാർ ആശുപത്രികൾക്ക് പുറമെ സർക്കാർ അംഗീകൃത സ്വകാര്യ ആശുപത്രികളിലും ഈ പദ്ധതിയുടെ കീഴിൽ തൊഴിലാളികൾക്ക് ചികിത്സ ഉറപ്പാക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) 04.10.17-ലെ സ.ഉ.(സാധാ)1304/17/ തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം, രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജന പ്രകാരം ചിയാക്ക് എംപാനൽ ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രികളടക്കമുള്ള ആശുപത്രികളെ ആവാസ് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ ഭാഗമായുള്ള ആശുപത്രികളായി കൂടി എംപാനൽ ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.